"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- കൊല്ലം തുറമുഖത്തിന്റെ 2024-25 വർഷത്തെ DG Communication Centre അഡീഷണൽ കോൺട്രിബ്യൂഷൻ തുക അടയ്ക്കുന്നതിനുള്ള ഫണ്ടും ഭരണാനുമതിയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.470/2025/F&P തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/6/2025 ലെ HOKMB-TVM/884/2024-C2 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം തുറമുഖത്തിന്റെ 2024-25 വർഷത്തെ DG Communication Centre ഫീസായി 25,000/- രൂപ ഒടുക്കിയിട്ടുള്ളതായും എന്നാൽ DG Shipping ന്റെ പുതിയ സർക്കുലർ പ്രകാരം ഈ തുക ഉയർത്തിയിരിക്കുന്നതായും, പുതുക്കിയ സർക്കുലർ പ്രകാരം അഡീഷണൽ കോൺട്രിബ്യൂഷനായ 25,000/- രൂപ കൂടി ഒടുക്കണമെന്നും ടി തുക ഒടുക്കുന്നതിനായി 25,000/- രൂപ 5051-02-200-86 തുറമുഖ വികസനം എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് കൊല്ലം പോർട്ട് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ആയതിനാൽ, കൊല്ലം തുറമുഖത്തെ 2024-25 വർഷത്തെ പുതുക്കിയ സർക്കുലർ പ്രകാരം DG Communication Centre അഡീഷണൽ കോൺട്രിബ്യൂഷൻ തുക ഒടുക്കുന്നതിനായി 25,000/- രൂപ " 5051-02-200-86 തുറമുഖ വികസനം" എന്ന ശീർഷകത്തിൽ ഭരണാനുമതിയും ഫണ്ടും അനുവദിക്കണണെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം തുറമുഖത്തെ 2024-25 വർഷത്തെ പുതുക്കിയ സർക്കുലർ പ്രകാരം DG Communication Centre അഡീഷണൽ കോൺട്രിബ്യൂഷൻ തുക ഒടുക്കുന്നതിനായി 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) " 5051-02-200-86 തുറമുഖ വികസനം" എന്ന ശീർഷകത്തിൽ ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ& പി ആർ ഡി(വെബ് & ന്യൂ മീഡിയ)(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anitha R S

Date: 02-07-2025 14:21:41

സെക്ഷൻ ഓഫീസർ